പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *83

06/06/2018 ന് മറുപടിയ്ക്ക്.

**സ്കിൽ ലൈസിയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** തൊഴിൽ നൈപുണ്യ വികസനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | **(എ)** തൊഴിൽ നൈപുണ്യ വികസനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>നിലവിലുണ്ടായിരുന്ന മികവിന്റെ കേന്ദ്രങ്ങളിലെ പ്രവർത്തനം.<br>• കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടത്തുന്ന നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന NICE, അധ്യാപകരുടെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച CRETT (Centre for Research in Education and Teacher Training), സെക്യൂറിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന CATS (Centre for Advanced Training in Security), എന്നിവയിലെ പരിശീലനങ്ങൾ പുരോഗമിച്ചു വരുന്നു. ഓയിൽ & റിഗ് മേഖലയിൽ പ്രവർത്തിക്കുന്ന ESPOIR (Enlighten Skills Programme for Oil & Rig) ന്റെ വിവിധ ബാച്ചുകളിലായി പരിശീലനം പുരോഗമിച്ചു വരുന്നു.<br>പുതിയ മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence)<br>• നഴ്സിംഗ് മേഖലയിൽ ആസ്ട്രേലിയ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന Health Careers International മായി സഹകരിച്ചു കൊച്ചിയിൽ KGNLA (KASE Global Nursing Leadership Academy) ആരംഭിച്ചു<br>• ഐ.ടി ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കു |

വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് അങ്കമാലിയിലുള്ള ഇൻറർനാഷണൽ സ്കിൽസ് പാർക്കിൽ CEED (Centre of Excellence in Entrepreneurship Development എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു.

- വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനായി Green Method Engineering Pvt Ltd മായി 05.04.2017 ൽ ധാരണാപത്രം ഒപ്പിട്ടു.

<u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ</u>

- ഡിസൈൻ മേഖലയിലെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ -ന്റെ പ്രവർത്തനം തുടർന്നു വരുന്നു.

<u>കൗശൽ കേന്ദ്രകൾ</u>

- യുവ സമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്ന പുതിയ നൈപുണ്യ വികസന കോഴ്സുകൾ കൗശൽ കേന്ദ്രകൾ മുഖേന നടപ്പിലാക്കി വരുന്നു.

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIC)</u>

- കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തന സജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) യുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 30.05.2018 ന് ULCCS -മായി ധാരണാപത്രം ഒപ്പ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ജൂലൈ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

<u>എംപ്ലോയബിലിറ്റി സെൻററുകൾ</u>

- എംപ്ലോയബിലിറ്റി സെന്ററുകളുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ 760 -ൽ പരം തൊഴിൽ മേളകൾ സംഘടിപ്പിക്കുക വഴി 14567 പേർക്ക്

തൊഴിൽ ലഭ്യമാക്കി.എംപ്ലോയബിലിറ്റി സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് സംവിധാനം കെൽട്രോണിന്റെ സഹായത്തോടു കൂടി പ്രവർത്തന സജ്ജമാക്കി.

കരിയർ ഡവലപ്മെന്റ് സെന്റർ (CDC)

- കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻ കരയിലും കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു.

വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി

നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പ്രധാൻമന്ത്രി കൌശൽ വികാസ് യോജന PMKVY ( 2016-20)

2020 ഓട് കൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രധാൻമന്ത്രി കൌശൽ വികാസ് യോജന PMKVY ( 2016-20) KASE മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ഇതുകൂടാതെ വിവിധ മേഖലകളിലായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ KASE ന്റെ അക്രഡിറ്റഡ് കോഴ്സുകൾ നടന്നു വരുന്നു.

| മേഖല | സ്ഥാപനം |
|---|---|
| ആരോഗ്യ സൗന്ദര്യ സംരക്ഷണം | സ്കൂൾ ഓഫ് വെൽനസ് |
| മെക്കാനിക്കൽ എഞ്ചിനീയറിംഗ് | ഇൻഡസ്ഥാൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് |
| ഓട്ടോമേഷൻ | SMEC ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് |
| ആയുർവേദം | ധന്വന്തരി എഡ്യൂക്കേഷണൽ & ചാരിറ്റബിൾ സൊസൈറ്റി |
| ഫിസിയോ തെറാപ്പി | JDT ഇസ്ലാം കോളജ് ഓഫ് ഫിസിയോ തെറാപ്പി |

| | |
|---|---|
| മറൈൻ | ഏരിയസ് ഇന്റർനാഷണൽ മാരിറ്റൈം റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (AIMRI) |
| ടൂറിസം & ഹോസ്പിറ്റാലിറ്റി | എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഏഫ് സ്കിൽ എക്സലൻസ്. പാലക്കാട് |
| ബാങ്കിംഗ്- ഫിനാൻസ് സർവീസ്- ഇൻഷുറൻസ് | ഹെഡ്ജ് സ്കൂൾ ഓഫ് എക്കണോമിക്സ് (HSAE) |
| സയന്റിഫിക് ഇലക്ട്രോളിസിസ് | ലിലി അക്കാഡമി ഓഫ് സയന്റിഫിക് ഇലക്ട്രോളിസിസ് |
| മൾട്ടി മീഡിയ & ആനിമേഷൻ | ഇൻഫോപ്രിസം സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എപിക്ക ആനിമേറ്റിക്ക |
| ആർക്കിടെക്ച്ചർ & ഇന്റീരിയർ ഡിസൈൻ | ടെറാഫേം പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് |
| കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ | ഇന്റർകാഡ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് |
| എഞ്ചിനിയറിംഗ് | ഇൻകെടെക് |
| സ്പോർട്സ് മാനേജ്മെന്റ് | സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| ബ്ലിറ്റ്സ് അക്കാഡമി | സിവിൽ മെക്കാനിക്കൽ ക്യൂ.എ / ക്യൂ.സി |
| ലൈഫ് സ്കിൽ ട്രെയിനിംഗ് & ഡവലപ്മെന്റ് | തോട്ട്സ് അക്കാഡമി |

**(ബി)** തൊഴിൽ നൈപുണ്യം, നൂതന സാങ്കേതികവിദ്യകൾ എന്നിവയുമായി സ്കിൽ ലൈസിയം (Skill lyceum) സ്ഥാപിക്കുന്ന തിന് ഉദ്ദേശിക്കുന്നുണ്ടോ;

**(സി)** പ്രസ്തുത സ്കിൽ ലൈസിയ ത്തിന്റെ സവിശേഷതകൾ അറിയിക്കുമോ;

**(ഡി)** ഇത് എന്നേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

**(ബി, സി & ഡി)** സംസ്ഥാനത്തിന്റെ നൈപുണ്യ വികസനപ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും അവക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഏകോപിപ്പിക്കുന്നതിനുമായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി വിവിധ ഘടകങ്ങളടങ്ങിയ ഒരു ഭരണപരമായ ചട്ടക്കൂട് രൂപീകരിച്ചും ടി ചട്ടക്കൂടിന് കീഴിലായി സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ സ്കിൽ സെക്രട്ടേറിയറ്റായി മാറ്റുകയും ചെയ്ത് ഉത്തരവായിരുന്നു. വിദ്യാഭാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ / വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും

| | |
|---|---|
| | അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് പ്രസ്തുത സ്കിൽ സെക്രട്ടേറിയറ്റിനു ഒരു തിങ്ക്-ടാങ്ക് ആയി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് വേൾഡ് സ്കിൽ ലൈസിയം വിഭാവനം ചെയ്തിരിക്കുന്നത്. വ്യവസായ മേഖലയുടെ ആവശ്യങ്ങളെക്കുറിച്ച് നിരന്തരമായ ഗവേഷണം നടത്തി ഭാവിയിൽ ഉയർന്നു വരാവുന്ന തൊഴിൽ മേഖലകളെ തിരിച്ചറിഞ്ഞ് ലോകത്തിന്റെ മാറുന്ന സാങ്കേതിക വിദ്യക്കനുസരിച്ച് ഉചിതമായ നൈപുണ്യ പരിശീലന പദ്ധതികൾ നിലനിർത്തുകയും നടപ്പാക്കുകയും ചെയ്ത് സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയേറ്റിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുക എന്നതാണ് വേൾഡ് സ്കിൽ ലൈസിയത്തിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ നൈപുണ്യ നയ രൂപീകരണത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, ആയതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ വിഭാവനം ചെയ്യുക, നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയെല്ലാം തന്നെ വേൾഡ് സ്കിൽ ലൈസിയത്തിന്റെ ലക്ഷ്യങ്ങളാണ്. വേൾഡ് സ്കിൽ ലൈസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഡീറ്റേയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനു KASE - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത DPR തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ലൈസിയം സ്ഥാപിക്കുന്നതു മായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ